**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1146

21.03.2013-ൽ മറുപടിക്ക്

## സർക്കാർ മേഖലയിൽ പുതുതായി പോളിടെക്നിക് കോളേജുകൾ

| ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | മറുപടി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|
| എ) സർക്കാർ മേഖലയിൽ പുതുതായി പോളിടെക്നിക് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;<br><br>ബി) സർക്കാർ മേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ; | (എ) യും (ബി) യും<br><br>സംസ്ഥാനത്ത് ആവശ്യത്തിലധികം എഞ്ചിനീയറിംഗ് സീറ്റുകൾ നിലവിലുള്ളതിനാലും വമ്പിച്ച അധിക സാമ്പത്തിക ബാധ്യത വരുമെന്നതിനാലും സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ തുടങ്ങാൻ ഉദ്ദേശമില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിവേദനങ്ങളെല്ലാം തീർപ്പാക്കിയിട്ടുണ്ട്. |
| സി) അൺഎയ്ഡഡ് മേഖലയിൽ പോളിടെക്നിക്കുകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; വ്യക്തമാക്കുമോ ? | സി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അൺ എയ്ഡഡ് മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇതു സംബന്ധിച്ച രണ്ട് അപേക്ഷകൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ